# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം രണ്ടാംഘട്ട പരിശീലനം

കൊച്ചി: യന്ത്രവൽകൃത തെങ്ങുകയറ്റത്തിനു പ്രചാരംനൽകിയ ചങ്ങാതിക്കൂട്ടത്തിന്റെ രണ്ടാംഘട്ട പരിശീലനപദ്ധതി തുടരുന്നു. തെങ്ങുകയറ്റക്കാരുടെ ക്ഷാമം പരിഹരിക്കാൻ കേന്ദ്ര നാളികേര വികസന ബോർഡ് നടപ്പാക്കുന്നതാണ് ഈ യന്ത്രവൽക്കൃത തെങ്ങുകയറ്റ പരിശീലനപരിപാടി.

ആറുദിവസത്തെ പരിശീലനത്തിൽ തെങ്ങുകയറ്റം, തെങ്ങുകയറ്റ യന്ത്രപരിചയം, വിത്തുതേങ്ങാ സംഭരണം, ആശയവിനിമയം, സമ്പാദ്യശീലം, കൃത്രിമ പരാഗണം, മരുന്നുതളി, സങ്കരണവിദ്യ, കേരസംരക്ഷണം തുടങ്ങിയവയും പാഠ്യവിഷയമാകും.

സ്ഥിരവരുമാനം ആഗ്രഹിക്കുന്ന പതിനെട്ടിനും 40നും ഇടയിൽ പ്രായമുള്ള പൂർണ ആരോഗ്യമുള്ള യുവതീയുവാക്കളെയാണ് പരിശീലനത്തിന് ക്ഷണിക്കുന്നത്. കുറഞ്ഞത് ഏഴാംക്ലാസ് പാസായിരിക്കണം. ഒരു ബാച്ചിൽ 20 പേർക്ക് താമസിച്ചുള്ള പരിശീലനംനൽകും. താമസസൗകര്യം, ഭക്ഷണം എന്നിവ ലഭ്യമാണ്. കൂടാതെ 150 രൂപ ദിവസബത്തയും ലഭിക്കുന്നു. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ മെഷീനും സൗജന്യമായി നൽകുന്നു. കൂടാതെ സൗജന്യ ഇൻഷുറൻസും ഏർപ്പെടുത്തിയിട്ടുണ്ട്. യന്ത്രം സൗജന്യമായി നൽകുന്നത് അതതു ജില്ലകളിൽ രണ്ടാംഘട്ട പരിശീലനം പൂർത്തിയാക്കുന്ന 500 പേർക്കാണ്.